

# കുടുംബശ്രീ ഫേസ്ഷീൽഡിന് 56.22 ലക്ഷം രൂപയുടെ ഓർഡർ

കുടുംബശ്രീയുടെ നേതൃത്വത്തിൽ ആരോഗ്യ പ്രവർത്തകർക്കായി ഫേസ്ഷീൽഡുകൾ നിർമ്മിക്കുന്നതിനെപ്പറ്റി Making an Impact 219, Making an Impact 225 എന്നീ ലേഖനങ്ങളിൽ വിശദീകരിച്ചിരുന്നുവല്ലോ. ആദ്യമായി 1500 ഫേസ്ഷീൽഡുകൾ നിർമ്മിക്കുന്നതിന് ശ്രീചിത്ര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസിൽ നിന്നും ഓർഡർ ലഭിച്ചതിനെക്കുറിച്ചും പരാമർശിച്ചിരുന്നുവല്ലോ. ഇപ്പോൾ ആരോഗ്യവകുപ്പിന്റെ കീഴിലുള്ള കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ ലിമിറ്റഡിൽ നിന്നും 2,81,128 ഫേസ്ഷീൽഡുകൾ നിർമ്മിക്കാനായി ഒരു ഫേസ്ഷീൽഡിന് 20 രൂപ നിരക്കിൽ 56.22 ലക്ഷം രൂപയുടെ വർക്ക് ഓർഡർ കുടുംബശ്രീയ്ക്ക് ലഭിച്ചിരിക്കുകയാണ്.

നിലവിൽ തിരുവനന്തപുരം ജില്ലയിലുള്ള കുടുംബശ്രീ സംരംഭകരാണ് ഫേസ്ഷീൽഡുകൾ നിർമ്മിക്കുന്നത്. കരകുളം പഞ്ചായത്തിലെ അക്ഷയം സംരംഭ യൂണിറ്റ് മുഖേനയാണ് ഫേസ്ഷീൽഡ് നിർമ്മാണം നടത്തുന്നത്. പത്ത് പേരാണ് ഈ യൂണിറ്റിലെ അംഗങ്ങൾ. കൂടുതൽ ഓർഡറുകൾ വന്നതോടെ അയൽക്കൂട്ടാംഗങ്ങളായ 15 പേർക്ക് കൂടി പരിശീലനം നൽകി ഇപ്പോൾ 25 പേർ ചേർന്നാണ് ഫേസ്ഷീൽഡ് നിർമ്മാണം നടത്തുന്നത്. പ്രതിദിനം 4000 ഫേസ്ഷീൽഡുകളാണ് ഈ

യൂണിറ്റ് മുഖേന ഇപ്പോൾ നിർമ്മിക്കുന്നത്. ഇതുവരെ 15,000 ഫേസ്ഷീൽഡുകൾ ഈ യൂണിറ്റ് മുഖേന ഉത്പാദിപ്പിച്ച് നൽകി കഴി ഞ്ഞു. മേൽപ്പറഞ്ഞ ഓർഡർ പ്രകാരമുള്ള ഫേസ്ഷീൽഡുകൾ ഈ യൂണിറ്റിൽ നിന്ന് തന്നെ നിർമ്മിച്ച് നൽകാനാണ് ഉദ്ദേശിക്കു ന്നത്. കൂടുതലായി ആവശ്യം വരികയാണെ ങ്കിൽ മറ്റ് ജില്ലകളിലെ യൂണിറ്റുകളെയും ഫേസ്ഷീൽഡ് നിർമ്മാണത്തിനായി പ്രാപ് തരാക്കും.

കോവിഡ് – 19 പ്രതിരോധ പ്രവർത്തനങ്ങളു ടെ ഭാഗമായി പൊതുജനങ്ങൾക്ക് ഉപകാര പ്രദമാകുന്ന ഫേസ് മാസ്ക് നിർമ്മാണം, സാ നിറ്റൈസർ നിർമ്മാണം തുടങ്ങിയ നിരവധി പ്രവർത്തനങ്ങൾ കുടുംബശ്രീ യൂണിറ്റുകൾ മുഖേന ചെയ്ത് നൽകാൻ കഴിയുന്നതിൽ ഏറെ സന്തോഷമുണ്ട്. സാധാരണക്കാരായ സ്ത്രീകൾക്ക് ഒരു വരുമാനമാർഗ്ഗം ഇത്തര ത്തിലുള്ള വ്യത്യസ്തമായ പ്രവർത്തനങ്ങൾ വഴി തുറന്ന് നൽകാൻ കഴിയുന്നുവെന്നതും മറ്റൊരു നേട്ടം. കുടുംബശ്രീയ്ക്ക് ഫേസ് ഷീൽഡിന്റെ ഓർഡർ നൽകിയ ആരോഗ്യ വകുപ്പിന് പ്രത്യേക നന്ദി പറയട്ടെ. എത്ര യും വേഗം ഈ ഓർഡർ പൂർത്തീകരിച്ച് നൽകാനുള്ള ശ്രമത്തിലാണ് ഞങ്ങളുടെ സംരംഭകർ.